# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3356

23/06/2014ൽ മറുപടി നൽകേണ്ടിയിരുന്നത്

അന്തിമ മറുപടി

### ആലപ്പുഴ ജില്ലയിലെ എൽ.ഡി.സി.നിയമനം

| ചോദ്യം : | ഉത്തരം : |
|---|---|
| ശ്രീ. എ.എം.ആരിഫ് | ശ്രീ. ഉമ്മൻചാണ്ടി<br>മുഖ്യമന്ത്രി |
| (എ) എൽ.ഡി.സി.യുടെ നിലവിലുള്ള റാങ്ക് ലിസ്റ്റിൽനിന്നുള്ള നിയമനങ്ങൾ വൈകുന്നതിനുള്ള കാരണമെന്താണെന്ന് അറിയിക്കുമോ ; | (എ) നിയമനങ്ങൾ വൈകുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ബി) ആലപ്പുഴ ജില്ലയിലെ എൽ.ഡി.സി. റാങ്ക് ലിസ്റ്റിൽനിന്ന് ഇതുവരെ എത്ര നിയമനങ്ങൾ നടന്നു; അഡ്വൈസ് ചെയ്തതെത്ര; വിശദമാക്കുമോ; | (ബി) പ്രസ്തുത ലിസ്റ്റിൽ നിന്നും ഇതുവരെ 399 പേരെ നിയമന ശിപാർശ ചെയ്തു. |
| (സി) ഒഴിവുകൾ റിപ്പോർട്ടു ചെയ്തിട്ടും നിയമനം നടത്താത്തത് എത്രയാണ്; കാരണം വ്യക്തമാക്കുമോ; | (സി) 6 എണ്ണം. പ്രസ്തുത ഒഴിവുകളിലേക്ക് നിയമന ശിപാർശ ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ പൂർത്തിയായി വരുന്നു. |
| (ഡി) ഒഴിവുകളുണ്ടായിട്ടും യഥാസമയം റിപ്പോർട്ട് ചെയ്യാതിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; ഇത്തരം നടപടി സ്വീകരിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ ശിക്ഷാനടപടി കൈക്കൊള്ളുമോ ? | (ഡി) ഇല്ല. സംസ്ഥാനത്ത് നിലവിലുള്ള ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യുന്നതിൽ നിയമനാധികാരികൾ കാലതാമസം വരുത്തുന്നത് ഒഴിവാക്കാൻ പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യേണ്ടതായ നിലവിലുള്ള എല്ലാ ഒഴിവുകളും അടിയന്തിരമായി പി.എസ്.സി.-ക്ക് റിപ്പോർട്ടു ചെയ്യുവാൻ സർക്കാർ 05.06.2014-ലെ സർക്കുലർ നമ്പർ 11244/ഉപ.സി3/ 14/ഉഭപവ പ്രകാരം എല്ലാ വകുപ്പു മേധാവികൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ വീഴ്ച വരുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ